# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3565

15.03.2018-ൽ മറുപടിയ്ക്ക്

## സ്പൈസസ് പാർക്ക്

| ചോദ്യം<br>ശ്രീ.പി.ജെ.ജോസഫ് | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി) |
|---|---|
| എ) ഇടുക്കി ജില്ലയിൽ മുട്ടം വില്ലേജിൽ സ്പൈസസ് പാർക്ക് തുടങ്ങുന്ന നടപടി ഏതുഘട്ടംവരെയായെന്ന് വ്യക്തമാക്കുമോ; | എ) ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതിന് കിൻഫ്ര കേന്ദ്ര സൂക്ഷ്മ ചെറുകിട ഇടത്തര വ്യവസായ മന്ത്രാലയ(MSME)ത്തിന് ഒരു പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ ആകെ ചെലവ് 12.5 കോടി രൂപയാണ്. ഇതിൽ 6 കോടി രൂപയുടെ കേന്ദ്ര ധനസഹായം ലഭിക്കും. പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ തത്ത്വത്തിലുള്ള അനുമതി ലഭിച്ചിട്ടുണ്ട്. |
| ബി) എന്തൊക്കെ പ്രവർത്തനങ്ങളാണ് സ്പൈസസ് പാർക്കിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | ബി) കേന്ദ്ര സൂക്ഷ്മ ചെറുകിട ഇടത്തരം കേന്ദ്ര മന്ത്രാലയത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സുഗന്ധ വ്യഞ്ജന മേഖലക്ക് അടിസ്ഥാന സൗകര്യം ഒരുക്കി മൂല്യ വർദ്ധന ലക്ഷ്യമാക്കി ഉള്ള ഒരു പദ്ധതിയാണ് സ്പൈസസ് പാർക്ക് പദ്ധതി. വ്യവസായങ്ങൾ ആരംഭിക്കുന്ന തുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ, എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാൻറ് സംവിധാനം എന്നിവ ഈ പാർക്കിൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| സി) ആയതിന്റെ ഡി.പി.ആർ. കിൻഫ്ര തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | സി) പ്രസ്തുത പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് കിൻഫ്ര തയ്യാറാക്കിയിട്ടുണ്ട്. വിശദമായ റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ